# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -140 | 26.09.2016 ൽ മറുപടിയ്ക്ക്

## സാമ്പത്തികത്തട്ടിപ്പ് കേസ്സുകൾ

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് നടന്നിട്ടുള്ള ഏതൊക്കെ സാമ്പത്തികത്തട്ടിപ്പ് കേസ്സുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്വേഷണം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുള്ളത് ; | (എ) മൈക്രോ ഫിനാൻസ് തട്ടിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന 5 കേസുകളും നബാർഡ് സാധാരണക്കാർക്ക് വായ്പ നൽകുവാൻ അനുവദിച്ച 5 കോടി രൂപ എൻ.ജി.ഒ എന്ന വ്യാജേന തട്ടിയെടുത്തത് സംബന്ധിച്ച് Cr.No.87/CR/EOW-I/ KTM/16(വഞ്ചിയൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 211/16) എന്ന കേസും ഉൾപ്പെടെ 6 കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറി അന്വേഷണം നടത്തി വരുന്നു.<br>1. 114/CR/EOW-I/KLM/16 (Kayamkulam PS 1986/16)<br>2. 115/CR/EOW-I/KLM/16 (Kayamkulam PS 1987/16)<br>3. 116/CR/EOW-I/KLM/16 (Kayamkulam PS 1988/16)<br>4. 117/CR/EOW-I/KLM/16 (Kayamkulam PS 456/16)<br>5. 118/CR/EOW-I/KLM/16 (CBCID HQ, dated: 09.08.2016) |
| (ബി) ഇതിൽ എത്ര എണ്ണത്തിൻമേൽ അന്വേഷണ നടപടികൾ ആരംഭിച്ചിട്ടുണ്ട്; | (ബി) എല്ലാ കേസുകളിന്മേലും അന്വേഷണം ആരംഭിച്ചിട്ടുണ്ട്. |
| (സി) സാമ്പത്തികത്തട്ടിപ്പ് കേസ്സുകൾ അന്വേഷിക്കുന്നതിന് പ്രസ്തുത വിഷയത്തിൽ പ്രാഗത്ഭ്യമുള്ളവരെ ഉൾപ്പെടുത്തി പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ ടീമിനെ രൂപീകരിക്കുന്ന കാര്യം പരിഗണനനയിലുണ്ടോ; | (സി) നിലവിൽ ക്രൈംബ്രാഞ്ചിലെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിനാണ് അന്വേഷണ ചുമതല. ആയതിനാൽ പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ ടീമിനെ രൂപികരിക്കേണ്ട ആവശ്യകത ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | സാമ്പത്തികത്തട്ടിപ്പ് കേസ്സുകളിൽ ഇരയാവുന്നത് ഭൂരിഭാഗവും സാധാരണക്കാരായതിനാൽ ഇത്തരം അന്വേഷണങ്ങൾ നീട്ടിക്കൊണ്ട് പോകാതെ കുറ്റക്കാർക്കെതിരെ മാതൃകാപരമായി കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സാമ്പത്തികത്തട്ടിപ്പ കേസുകളിൽ സമഗ്രവും ഊർജിതവുമായ അന്വേഷണം കാലവിളംബം ഇല്ലാതെ നടത്തി കുറ്റവാളികൾക്ക് നിയമപരമായ ശിക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ തന്നെ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ